**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2647** **13-02-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നികുതി വെട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സംസ്ഥാന ജി.എസ്.ടി. വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പ്രധാനമായും നികുതി വെട്ടിപ്പ് തടയുക, സർക്കാരിലേയ്ക്ക് ലഭിക്കുവാനുള്ള നികുതി വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പുന:സംഘടന നടപ്പിലാക്കിയത്. ആയതിന്റെ ഭാഗമായി ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് & ഓഡിറ്റ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ച് കൃത്യവും ആധുനികവുമായ പരിശീലന പരിപാടികളിലൂടെ നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വകുപ്പ് കാര്യക്ഷമതയോടെ ഏർപ്പെട്ടുവരുന്നു. |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം സംസ്ഥാനത്ത് എത്ര രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടെന്നും അതുവഴി എത്ര തുക സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം 2024 ജനുവരി വരെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം 3107.49 കോടി രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തുകയും അതിൽ നിന്നും<br>2432.16 കോടി രൂപ സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ